# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 മാർച്ച് 26

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

മാർച്ച് 26, 29, 30, 31, ഏപ്രിൽ അഞ്ച്, ആറ്, ഏഴ്, എട്ട്, ഒൻപത് തീയതികളിൽ നടത്താനിരുന്ന ഒന്നുമുതൽ അഞ്ചുവരെ സെമസ്റ്റർ എം.സി.എ. (2011, 2012, 2013, 2014 ലാറ്ററൽ എൻട്രി അഡ്മിഷൻ മേഴ്സി ചാൻസ് - അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലേയും) പരീക്ഷകൾ യഥാക്രമം ഏപ്രിൽ 28, 29, 30, മെയ് മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, 10 തീയതികളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/401/2021)

## അപേക്ഷ തീയതി

ഏഴ്, എട്ട് സെമസ്റ്റർ (2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ബി.ആർക് പരീക്ഷയ്ക്ക് പിഴയില്ലാതെ മാർച്ച് 26 വരെയും 525 രൂപ പിഴയോടെ മാർച്ച് 29 വരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് 30 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/402/2021)

## സംവരണ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ 2021-2023 അധ്യയനവർഷം എം.ടെക് എനർജി സയൻസ് പ്രോഗ്രാമിൽ എസ്.സി., എസ്.ടി., മുസ്ലിം വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. എം.ടെക് ഇൻ നാനോസയൻസ് ആന്റ് നാനോടെക്നോളജി പ്രോഗ്രാമിൽ എസ്.സി., എസ്.ടി. വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായവർ സാക്ഷ്യപത്രങ്ങളുമായി മാർച്ച് 29ന് രാവിലെ 11ന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡി എ11 സെക്ഷനിൽ എത്തണം. വിശദവിവരം www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/403/2021)

## പരീക്ഷഫലം

2020 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ എം.ബി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/404/2021)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി. സൈക്കോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ ഒൻപതുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/405/2021)

## പ്രിലിംസ് കം മെയിൻസ് കോച്ചിംഗിന് മാർച്ച് 31 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് 2021-2022 അക്കാദമിക വർഷ പ്രിലിംസ് കം മെയിൻസ് കോച്ചിംഗ് പ്രോഗ്രാമിലേക്ക് മാർച്ച് 31 വരെ അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ. ഹെൽപ്‌ലൈൻ നമ്പർ: 9188374553.

(പി.ആർ.ഒ/39/406/2021)

**നജീബ് എം.**